

ജന്മഭൂമി
വാരാദ്യം
2010 മാർച്ച് 7 ഞായർ 1185 കുംഭം 23

# പ്രവാസത്തിന്റെ കണ്ണീരും കിനാവും

കെ. പി. മുരളി

*"ഏഴാം ക്ലാസ്സിൽ പഠിക്കുമ്പോൾ മുതൽ ഞാൻ എന്റെ വീട്ടിലെ തൊഴിലാളിയാണ്." ഇങ്ങനെ ഏറ്റുപറയുന്ന ഒരാൾക്ക് എത്രകാലം അവിടെ കഴിയാനാവും? "ഇവനെ നാടുകടത്തിക്കോ, അതാ നിങ്ങൾക്ക് നല്ലത്" ഹൈസ്ക്കൂൾ കാലത്ത് നാടകമെഴുതി നോട്ടപ്പുള്ളിയായവനെ ചൂണ്ടിയുള്ള പോലീസിന്റെ ഈ താക്കീതുകൂടിയായപ്പോൾ മുന്നിൽ പലായനത്തിന്റെ വഴി തുറക്കുകയായിരുന്നു. നേരെ ഉത്തരേന്ത്യയിലേയ്ക്ക്. റാഞ്ചിയിലെത്തി വീണ്ടും നാടകരചനയിൽ. റാഞ്ചി, ആഗ്ര, ദൽഹി, ബൊക്കാറോ, ലുധിയാന, മുംബൈ എന്നിവിടങ്ങളിൽ അരങ്ങേറി.*

*കാരൂർ സോമൻ എന്ന എഴുത്തുകാരന്റേയും പ്രവാസിയുടേയും ജീവിതം തുടർന്നങ്ങോട്ട് പുതിയ വിതാനത്തിലേയ്ക്ക് പ്രവേശിക്കുകയായിരുന്നു. ഇരുപതിലേറെ രാജ്യങ്ങൾ സന്ദർശിച്ചു. യൂറോപ്പ്, അമേരിക്ക, ഗൾഫ് എന്നിവിടങ്ങളിലെ പ്രസിദ്ധീകരണങ്ങളിൽ തുടർച്ചയായി എഴുതി. നാടകം, നോവൽ, കഥാസമാഹാരം, കവിതകൾ, ലേഖനസമാഹാരം, യാത്രാവിവരണം എന്നിങ്ങനെ പതിനേഴിലേറെ കൃതികൾ. 'കാണാപ്പുറങ്ങൾ' യൂറോപ്പിൽ നിന്നുള്ള ആദ്യ മലയാള നോവൽ. 'കടലിനക്കരെ എംബസി സ്കൂൾ' ഗൾഫിൽനിന്ന് പ്രസിദ്ധീകരിച്ച ആദ്യ സംഗീതനാടകം. തകഴി അവതാരിക എഴുതിയ 'കണ്ണീർപ്പൂക്കൾ' നോവലിനുള്ള വിദേശമലയാളി കൗൺസിൽ പുരസ്ക്കാരം നേടി. 'കറുത്തപക്ഷികൾ' എന്ന കവിതാസമാഹാരത്തിന് ലണ്ടൻ മലയാളി കൗൺസിൽ പുരസ്ക്കാരം. നോവലായ 'കിനാവുകളുടെ തീരം' ലിപി ഫൗണ്ടേഷൻ പുരസ്ക്കാരം നേടി. 'കദനമഴ നനഞ്ഞപ്പോൾ' എന്ന നോവലിന് പാറപ്പുറം പ്രവാസി പുരസ്ക്കാരം. നോവലിനുള്ള ആഗോളമലയാളി കൗൺസിൽ പുരസ്ക്കാരം 'കനൽ' നേടി. കാരൂർ കൊച്ചുകുഞ്ഞ്, കിനാവുകളുടെ തീരം കാവൽ മാലാഖ, കത്തനാർ (നോവൽ) കർട്ടനിടൂ, കാർമേഘം(നാടകം), കടൽക്കര(സംഗീതനാടകം), സുഗന്ധ സൂനങ്ങൾ, കടലാസ്(കവിതാസമാഹാരം), കാണാപ്പുറങ്ങൾ, കന്യാവനങ്ങൾ(കഥാസമാഹാരം), വിയന്നയിലെ സ്വർഗം(യാത്രാവിവരണം), സൗദിയുടെ മനസ്സിൽ, കഥകളുറങ്ങുന്ന പുണ്യഭൂമി(ലേഖനസമാഹാരങ്ങൾ)എന്നിവയാണ് മറ്റ് കൃതികൾ.*

*ഇന്ദ്രപ്രസ്ഥത്തിന്റെ ഇടനാഴികളിൽ അവസാനിക്കുന്ന മലയാളി എഴുത്തുകാരുടെ പ്രവാസ ജീവിതത്തിന് ഒരു തിരുത്താണ് കാരൂർ സോമൻ. പതിറ്റാണ്ടുകളായി ലണ്ടനിൽ താമസിക്കുന്ന ഈ മാവേലിക്കരക്കാരന്റെ മനസ്സുനിറയെ മലയാളഭാഷയും സാഹിത്യവുമാണ്.*

**എഴുത്തിന്റെ മേഖല വിപുലമാണ്. എഴുതുന്നത് എന്തിനെന്നാണ് കരുതുന്നത്?**

ഒരു സാഹിത്യകാരന്റെ സൃഷ്ടി സാമൂഹ്യനന്മയ്ക്കാണ്. ഒപ്പം അവന്റെ സന്തോഷത്തിനും എന്നതാണ് എന്റെ വിശ്വാസപ്രമാണം. അനുഭവങ്ങളിൽനിന്ന് എഴുതുന്നു. ഓരോ മനുഷ്യരിലും നന്മയുംതിന്മയുമുണ്ട്. നമ്മുടെ ഗുണങ്ങൾ ആന്തരികമാണ്. ആത്മനിഷ്ഠമാണ്. ഈ ഗുണമുള്ള വ്യക്തികളെ സമൂഹം ഇഷ്ടപ്പെടുന്നു. ഇത്തരം വ്യക്തികൾ അക്ഷരലോകത്തേക്ക് വരുമ്പോൾ അവർ കാവ്യശോഭയും ആത്മശോഭയും സഹൃദയർക്ക് നൽകുന്നു.അവരെ കാവ്യ സൗന്ദര്യത്തിലേയ്ക്ക് വഴി നടത്തുന്നു. ഇത് സാഹിത്യകാരന്മാർക്ക് മാത്രം കഴിയുന്നതാണ്. എഴുത്ത് ആത്മഹർഷത്തിനാണെങ്കിലും അതിലൂടെ സൗന്ദര്യത്തിന്റെ താജ്മഹൽ ഉയർത്തിക്കാട്ടുമ്പോൾ മറ്റുള്ളവരും അത് അനുഭവിക്കുന്നു. എഴുത്ത് വ്യക്തിഗതമാണെങ്കിലും ആവിഷ്ക്കരിക്കുന്നത് സമൂഹത്തിന്റെ സത്യസൗന്ദര്യങ്ങളാണെന്ന് തിരിച്ചറിയുമ്പോഴാണ് എഴുത്ത് ഫലപ്രദമായി എന്ന് തോന്നുക. ചുരുക്കത്തിൽ എഴുതുന്നത് സാമൂഹ്യനന്മയ്ക്കാണ്. ഉത്തരമെഴുത്തല്ല സാഹിത്യകാരൻ ചെയ്യുന്നത്, ചോദ്യം ചെയ്യലാണ്.

**പതിറ്റാണ്ടുകളായി പ്രവാസിയാണ്. മലയാള സാഹിത്യത്തെ മാറിനിന്ന് നോക്കിക്കാണുന്നതെങ്ങനെ?**

ഞാൻ ബാലരമയിൽ മുതൽ കവിതകൾ എഴുതിത്തുടങ്ങിയിരുന്നു. എന്നെ അലങ്കാരവും വൃത്തവും പഠിപ്പിച്ചത് പണ്ഡിത കവി കെ.കെ.പണിക്കർ സാറാണ്. അത് എട്ടാം ക്ലാസിൽവെച്ചായിരുന്നു. വള്ളത്തോൾ "ബന്ധനസ്ഥനായ അനിരുദ്ധൻ" എഴുതിയപ്പോൾ അതിനൊരു മറുപടിയെന്നോണം "ബന്ധമുക്തനായ അനിരുദ്ധൻ" എഴുതിയയാളാണ് പണിക്കർസാർ. അക്കാലത്ത് അത് ഏറെ ചർച്ച ചെയ്യപ്പെട്ടു.

ഒരു പ്രവാസിയെന്ന നിലയ്ക്ക് മലയാള സാഹിത്യത്തെ ഇന്ന് നോക്കിക്കാണുന്നത് വേദനയോടെയാണ്. കവിതകൾക്ക് വൃത്തവും അലങ്കാരവും നിർബന്ധമല്ലെന്ന് സമ്മതിക്കുന്നു. എന്നാൽ കവിത്വം വേണ്ടേ! സിനിമാ ഗാനങ്ങൾപോലെയാണ് ചിലരുടെ കവിതകൾ. വായിൽവരുന്നതൊക്കെ കവിതയാകില്ല. സാഹിത്യം അനുഭൂതിയുടെ ആവിഷ്ക്കാരമാണ്. അവിടെ കണ്ണീരിന്റെ നനവുണ്ട്. സൗന്ദര്യത്തിന്റെ നിനവുണ്ട്. ഊതിക്കാച്ചിയ പൊന്നുപോലെയാകണം രചനകൾ. അതിന്റെ തിളക്കം സഹൃദയമനസ്സിന് ഒപ്പിയെടുക്കാം.

മാന്യനായിരിക്കുക എന്നാൽ എന്നെ സംബന്ധിച്ചിടത്തോളം സ്വതന്ത്രനായിരിക്കുക എന്നാണ്. കാരണം മനുഷ്യസൃഷ്ടി ഉദാത്തമാണ്. എന്നാൽ ഇന്ത്യൻ ജനാധിപത്യത്തിന്റെ അവസ്ഥ ഭീഷണമാണ്. എന്നാൽ എത്ര എഴുത്തുകാർ പ്രതികരിക്കുന്നുണ്ട്? മലയാള സാഹിത്യകാരന്മാരെ ഇന്ന് ഞാൻ കാണുന്നത് ഓരോ രാഷ്ട്രീയപ്പാർട്ടികളുടെ ചട്ടുകങ്ങളായിട്ടാണ്. എഴുത്തുകാരൻ എന്നാൽ സ്വന്തം സ്വാതന്ത്ര്യത്തിൽ കിരീടം ചൂടി കഴിയുന്നവനാണ്. അവനെ സ്വന്തമാക്കാൻ ഏതെങ്കിലും രാഷ്ട്രീയപ്പാർട്ടിക്കോ മതത്തിനോ സാധ്യമല്ല. മലയാള സാഹിത്യത്തിൽ അധികാര വടംവലിയും അവാർഡുകൾക്ക് വേണ്ടിയുള്ള അടിപിടിയും നടക്കുമ്പോൾ പ്രവാസി എഴുത്തുകാരന്റെ നിലയും വിലയും ആർ മനസ്സിലാക്കുന്നു? പ്രവാസി എഴുത്തുകാരന് പലപ്പോഴും ഇടം ലഭിക്കുക ചരമകോളത്തിലായിരിക്കും. ജീവനോടിരിക്കുമ്പോൾ തിരിഞ്ഞുനോക്കാറില്ല. സത്യത്തിൽ പുച്ഛം തോന്നുകയാണ്. ചൂടിലും തണുപ്പിലും ഭാഷയ്ക്കും സാഹിത്യത്തിനുമായി കഷ്ടപ്പെടുന്ന പാവങ്ങൾ!

**എഴുതിയതിൽ ഹൃദയത്തോട് ചേർത്തു നിർത്തുന്ന കഥാപാത്രം?**

എന്റെ ഓരോ നോവലിലും നാടകങ്ങളിലും ഹൃദയത്തോട് ചേർന്നുനിൽക്കുന്ന കഥാപാത്രങ്ങളുണ്ട്. 'കടലിനക്കരെ എംബസ്സിസ്കൂൾ' എന്ന നാടകത്തിൽ ഗൾഫ് സ്കൂളുകളിൽ നടമാടുന്ന അഴിമതിയുടെ തിരശ്ശീല ഉയരുകയാണ്. അതിലെ സ്കൂൾ പ്രിൻസിപ്പൽ അലി അബ്ദുള്ള, 'കദനമഴ നനഞ്ഞപ്പോൾ' നോവലിലെ ബെന്നി, 1990 ൽ പുറത്തിറങ്ങിയ 'കണ്ണീർപ്പൂക്കൾ' എന്ന നോവലിലെ റോബർ, 'കിനാവുകളുടെ തീരം' എന്ന നോവലിലെ രവി, 'കാൽപ്പാടുകൾ' എന്ന നോവലിലെ 'ആനി'. 'കാണാപ്പുറങ്ങൾ' എന്ന നോവലിലെ ആന്റണി-അലി. 1985 ൽ പുറത്തിറങ്ങിയ സംഗീതനാടകമായ 'കടൽക്കര'യിലെ പീറ്റർ, 'കനൽ' എന്ന നോവലിലെ സർക്കിൾ ഇൻസ്പെക്ടർ സെറീൻ ഇങ്ങനെ ധാരാളം പേരുണ്ട്.

**എഴുത്തുകാരൻ എന്ന നിലയിൽ വിദേശ ജീവിതം എങ്ങനെയാണ് വിലയിരുത്തുന്നത്?**

എഴുത്തുകാർ എന്ന് പറയുമ്പോൾ അവരെ രണ്ടായി തിരിക്കണം. ഒന്ന്: സാഹിത്യസൃഷ്ടികൾ നടത്തുന്നവർ. രണ്ട്: കാശുകൊടുത്ത് കേരളത്തിലെ ചെറുകിട പ്രസാധകരെക്കൊണ്ട് പുസ്തകങ്ങൾ എഴുതിക്കുന്നവർ. വിദേശവാസത്തിനിടയിൽ ഒരു കാര്യം മനസ്സിലായി. കേരളത്തിലുള്ള ചിലർ ലക്ഷങ്ങൾ വാങ്ങി കഥയും കവിതയും നോവലും എഴുതിക്കൊണ്ടിരിക്കുന്നു. വിദേശ മലയാളികളിൽ മാത്രമല്ല, കേരളത്തിലുമുണ്ട് കാശ് കൊടുത്ത് എഴുതിക്കുന്നവർ. ഇത് ഭാഷയുടെ മൂല്യച്യുതിയും ജീർണതയുമാണ് കാണിക്കുന്നത്. സാഹിത്യകാരൻ എന്നും ഭാഷയുടെ സംവിധാന സൗന്ദര്യംകൊണ്ട് നമ്മെ വ്യാമോഹിപ്പിക്കും, ചിന്താകുലരാക്കും. വിദേശ രാജ്യത്ത് ജീവിച്ച് സാഹിത്യസൃഷ്ടി നടത്തുന്നവരെ കേരളം ഗൗനിക്കുന്നില്ല, അവഗണിക്കയാണ്. വിദേശത്ത് പാർക്കുന്ന മലയാളികൾക്ക് വേണ്ടുന്ന പരിഗണന ലഭിക്കുന്നില്ല. അവരോടുള്ള ജീർണതയാർന്ന സമീപനത്തിന് മാറ്റമുണ്ടാകണം. കേരളത്തെ ദാരിദ്ര്യത്തിൽനിന്നും കരകയറ്റിയവർ വിദേശ മലയാളികളാണ്. നന്ദിയില്ലായ്മ കാണിക്കരുത്. മടങ്ങിവരുന്ന പ്രവാസികളെ സഹായിക്കണം. അതിനൊപ്പം വിദേശരാജ്യങ്ങളിൽ ഭാഷക്കും സംസ്കാരത്തിനുമായി കഷ്ടപ്പെടുന്ന എഴുത്തുകാരെ പ്രോത്സാഹിപ്പിക്കണം. അംഗീകാരവും അവാർഡുമൊക്കെ അവർക്കും അവകാശപ്പെട്ടതാണ്. അവർ ഭാഷകളുടെ അംബാസഡർമാരാണ്. അവരുടെ മനസ്സിന്റെ അന്തരംഗങ്ങളിൽ മലയാള നാടിന്റെ മഹത്വമുണ്ട്. എന്നാൽ വളർന്നുവരുന്ന തലമുറ മലയാളമറിയാത്തവരായി മാറുന്നുവല്ലോ എന്ന ദുഃഖമുണ്ട്. മലയാളക്കര അതിനായി ഒന്നും ചെയ്യുന്നില്ല. മലയാളം മറ്റ് രാജ്യങ്ങളിൽപ്പോയി തുലയട്ടെ എന്നതാണ് മനോഭാവം.

**മാറിയ കാലത്തെ ഇന്ത്യയെക്കുറിച്ച് ഇംഗ്ലണ്ടുകാർക്കുള്ള പൊതുവായ ധാരണ എന്താണ്?**

ഇംഗ്ലീഷുകാരുടെ ധാരണക്ക് ഇപ്പോഴും വലിയ മാറ്റമൊന്നുമില്ല. ശാസ്ത്രീയ-ഐടി മേഖലകളിൽ കുറെ പുരോഗതി കൈവരിച്ച തൊഴിച്ചാൽ എന്താണ് ഇന്ത്യയുടെ പുരോഗതി? ഒരു രാജ്യത്തിന്റെ അടിസ്ഥാന വളർച്ചയെന്നാൽ ദാരിദ്ര്യനിർമാർജ്ജനമാണ്. 60 വർഷം കഴിഞ്ഞിട്ടും പട്ടിണിക്കാരൻ കൂടുതൽ പട്ടിണിക്കാരനും പണക്കാരൻ വലിയ പണക്കാരനുമാകുന്നു. ഈ അവസ്ഥയ്ക്ക് മൗലികമായ മാറ്റമൊന്നും വന്നിട്ടില്ല. പാശ്ചാത്യരാജ്യക്കാർ അവിടുത്തെ മാധ്യമങ്ങളിൽ പ്രധാനമായും കാണിക്കുന്നതും പട്ടിണികൊണ്ട് എല്ലുംതോലുമായിരിക്കുന്ന ഇന്ത്യക്കാരെയാണ്. അവർക്ക് താൽപര്യവും അത് തന്നെയാണ്. പിന്നെ ഇന്ത്യൻ ജനാധിപത്യമെടുത്താലും സത്യത്തിൽ ഒരുതരം ഏകാധിപത്യമല്ലേ. ഇതിനെക്കാൾ എത്രയോ ഭേദമായിരുന്നു രാജഭരണം, ബ്രിട്ടീഷ് ഭരണം എന്ന് തോന്നിപ്പോകും. വോട്ടു ചെയ്യുന്ന ജനങ്ങളെ ഓർത്ത് ദുഃഖിക്കുന്നു. കള്ളന് കാവലിരിക്കുന്ന കാലം. ഇതിനൊക്കെ മാറ്റം വരുത്താൻ ഒരു രക്തരഹിത വിപ്ലവം ആവശ്യമാണ്. എന്തിനാണ് ഇന്ത്യ ഇത്രയും മന്ത്രിമാരെ തീറ്റിപ്പോറ്റുന്നത്? ഒരു ഗവർണറും ജില്ലകളിൽ ഓരോ കളക്ടർമാരും പോരായോ?

> **ഇന്ത്യയിൽ ജനാധിപത്യമല്ല, ഏകാധിപത്യമാണ് നടക്കുന്നതെന്ന് തീവ്രമായി തോന്നിയിട്ടുണ്ട്. ഗാന്ധിജിയും നെഹ്റുവും ഇന്ത്യയെ വിഭജിക്കാൻ പാടില്ലായിരുന്നു**



**ഷേക്സ്പിയറുടെ നാട്ടിൽനിന്നുവരുമ്പോൾ എന്ത് സന്ദേശമാണ് മലയാളത്തിലെ എഴുത്തുകാർക്ക് നൽകാനുള്ളത്?**

2009 ൽ ഞാൻ ഷേക്സ്പിയർ ജനിച്ച വീടും അദ്ദേഹത്തെ അടക്കിയ പള്ളിയും സന്ദർശിച്ചിരുന്നു. ബ്രിട്ടനിൽ ഏവരും അദ്ദേഹത്തെ വാഴ്ത്തിപ്പാടുന്നു. ഒപ്പം മറ്റ് എഴുത്തുകാരെയും. സാഹിത്യകാരൻമാരുടെ സ്ഥാനവും മാനവും ബ്രിട്ടനിൽ വളരെ ഉന്നതിയിലാണ്. അവിടുത്തെ എഴുത്തുകാർ ഏതെങ്കിലും മത-രാഷ്ട്രീയപ്പാർട്ടികളുടെ സ്തുതിപാഠകരല്ല. അവിടെ സാഹിത്യകാരന്മാരുടെ സൃഷ്ടികളാണ് മിക്കവാറും ചർച്ചക്ക് വരുന്നത്. ഇന്ത്യയിലേതുപോലെ സിനിമാനടീനടന്മാരല്ല. അവിടുത്തുകാർ പുസ്തകങ്ങളെ ഒപ്പം കൊണ്ടുനടക്കുമ്പോൾ ഇവിടുത്തുകാർ നടീനടന്മാരെയാണ് കൂടെക്കൊണ്ടുനടക്കുന്നത്. ഈ സാംസ്ക്കാരിക അധഃപതനത്തിന് മുഖ്യധാരാ ചാനലുകൾക്ക് വലിയ പങ്കുണ്ട്. ഇവിടെ വിസ്മരിക്കപ്പെടുന്ന ഒരു സത്യമുണ്ട്. ഈ നടീനടന്മാർ എഴുത്തുകാരുടെ വിരൽത്തുമ്പിൽ ജനിച്ചവരാണ്. ഭാഷയെ, സാഹിത്യകാരന്മാരെ അപമാനിക്കുന്ന ചാനലുകളെ നിരോധിക്കാതെ മലയാളഭാഷയും സംസ്കാരവും വളരില്ല. മലയാളത്തിലെ എഴുത്തുകാർ ജീവനുള്ളവർ തന്നെയോ? ജീവനുള്ളവരെങ്കിൽ നിങ്ങളുടെ നെഞ്ചത്തല്ലേ ഈ ചാനലുകൾ തിമിർക്കുന്നത്! എന്തുകൊണ്ട് നിങ്ങൾ രാഷ്ട്രീയക്കാരുടെ ചട്ടുകങ്ങളായി മാറുന്നു. സാഹിത്യകാരൻ ആരുടേയും ഇംഗിതങ്ങൾക്ക് വഴങ്ങുന്നവനാവരുത്. അവൻ ഭാഷയുടെ ഏകാധിപതിയാണ്. സ്വന്തമായി സാമ്രാജ്യം സൃഷ്ടിച്ച് വാഴുന്നവനാണ്. അക്ഷരങ്ങൾ അഗ്നിയാണ് എന്നുള്ള വസ്തുത ഇവിടുത്തെ എഴുത്തുകാരൻ മറക്കുന്നു. ഷേക്സ്പിയർ, അദ്ദേഹത്തോട് നാം നീതിപുലർത്തുക. ഏപ്രിൽ 23 വായനാദിനമാണ്. അതദ്ദേഹം ജനിച്ച-മരിച്ച ദിനമാണ്. രാജഭരണത്തെ എതിർത്ത വ്യക്തിയായിരുന്നു ഷേക്സ്പിയർ. നമ്മുടെ ചില പ്രമുഖ എഴുത്തുകാരെപ്പോലെ അധികാരികൾക്കുമുന്നിൽ ഓഛാനിച്ചുനിന്നവനല്ല. ഷേക്സ്പിയർ സ്ഥാപിച്ച നാടക തിയേറ്ററുകൾ ഇന്നുമുണ്ട്. അവിടെ നാടകവും സംഗീതവുമാണ് ജനങ്ങൾക്കിഷ്ടം. അല്ലാതെ സിനിമയല്ല. ഇവിടുത്തെ നാടകട്രൂപ്പുകളുടെ ജീവിതം ദയനീയം.

**എഴുതണമെന്ന് ആഗ്രഹിക്കുകയും എന്നാൽ ഇതുവരെ കഴിയാത്തതുമായ ഒരനുഭവം?**

ഇന്ത്യയിൽ ജനാധിപത്യമല്ല, ഏകാധിപത്യമാണ് നടക്കുന്നതെന്ന് തീവ്രമായി തോന്നിയിട്ടുണ്ട്. ഗാന്ധിജിയും നെഹ്റുവും ഇന്ത്യയെ വിഭജിക്കാൻ പാടില്ലായിരുന്നു. ഗാന്ധിജിയെ വെടിവെച്ചുകൊന്നപ്പോൾ ജനാധിപത്യവും അസ്തമിച്ചു. അതോടെ ഏകാധിപതികൾ പിടിമുറുക്കി. നെഹ്റുവിന് കാര്യമായി ഒന്നും ചെയ്യാനായില്ല. ഒരിക്കൽ റിപ്പബ്ലിക് ദിനത്തിൽ ഞാൻ എന്റെ നാട്ടിൽ കുറെ കൽപ്പണിക്കാർക്കൊപ്പം പണിസ്ഥലത്ത് നിൽക്കുകയായിരുന്നു. അപ്പോൾ എന്റെ കടയുടെ മറ്റൊരു കോണിൽ അമിട്ടുപൊട്ടുന്നു. കുറെ മനുഷ്യർ അവിടെ കൂടിയിരുപ്പുണ്ട്. ഞാൻ തെല്ലൊന്നമ്പരന്നു. കാര്യം തിരക്കിയപ്പോൾ റിപ്പബ്ലിക് ദിനമാണെന്നറിഞ്ഞു. അപ്പോൾ മനസ്സിൽത്തോന്നി അമിട്ടുപൊട്ടിക്കാൻ, ജാഥകൾ നടത്താൻ മാത്രം പഠിച്ചവർ. പട്ടിണിയായാലും വോട്ടു കൊടുക്കും. ഒരു പൗരന് ലഭിക്കേണ്ട യാതൊരാനുകൂല്യങ്ങളും അവർക്ക് ലഭിക്കുന്നില്ല. എന്നിട്ടും വോട്ടുകൊടുക്കുന്നു. രാഷ്ട്രീയക്കാർ അവരെ പട്ടിണിക്കിടുന്നത് വെറുതെയല്ല. വോട്ട് വേണം. നാലക്ഷരം പഠിച്ചാൽ വോട്ട് ലഭിക്കില്ല. ഇന്ത്യയുടെ ഏകാധിപത്യ സംവിധാനങ്ങളെപ്പറ്റി എഴുതണമെന്ന് പലപ്പോഴും മനസ്സിൽ ഉറപ്പിക്കാറുണ്ട്. ഇന്നുവരെ യാഥാർത്ഥ്യമായിട്ടില്ല. നേരത്തെ പറഞ്ഞതുപോലെ ഇന്ത്യയിൽ ഒരു രക്തരഹിത വിപ്ലവം അത്യന്താപേക്ഷിതമായിരിക്കുന്നു എന്ന ചിന്തയിൽനിന്നാണിത്.